**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **14-01-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മനുഷ്യ വന്യജീവി സംഘട്ടനങ്ങൾ വർദ്ധിക്കുന്നതു മൂലം ജനജീവിതം ദുരിതത്തിലായി എന്നത് വസ്തുതയല്ലേ; | (എ) | കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സംഭവങ്ങൾ നിരന്തരം ഉണ്ടാകാറുണ്ട്. ഇത് പ്രതിരോധിക്കുന്നതിനായി വനം വകുപ്പ് വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലികൾ, ആനകിടങ്ങുകൾ, മതിലുകൾ എന്നിവ നിർമ്മിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നിവ നിർമിച്ചും / നവീകരിച്ചും ജലത്തിന്റേയും ഭക്ഷണത്തിന്റേയും ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനവും, ജനജാഗ്രതാ സമിതികളുടെയും, ദ്രുതകർമ്മസേന (റാപ്പിഡ് റസ്പോൺസ് ടീം)കളുടെയും സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ജൈവവേലിയും, ക്രാഷ്ഗാർഡ്, റോപ്പ് / റെയിൽ ഫെൻസിംഗ് എന്നിവയും പുതുതായി നിർമ്മിച്ചുവരുന്നുണ്ട്. |
| (ബി) | മനുഷ്യ വന്യജീവി സംഘട്ടനങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; | (ബി) | യഥാകാലങ്ങളിൽ ആവാസ വ്യവസ്ഥയുടെ വിസ്തൃതിക്ക് ഉണ്ടാകുന്ന കുറവ്, വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കത്തക്ക രീതിയിലുള്ള കൃഷികൾ, കാട്ടുതീ, വന്യമൃഗങ്ങളുടെ സഞ്ചാരപാത തടസ്സപ്പെടുത്തുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്ന സാഹചര്യം ഉണ്ടാകുന്നതിന് കാരണമാകുന്നത്. |
| (സി) | വന്യജീവികൾക്ക് സ്വൈരവിഹാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും, പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന നീണ്ട | (സി) | വന്യജീവികൾക്ക് സ്വൈര്യ വികാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന ഒരു ആനത്താര നിലവിലില്ല. |

| | | | |
|---|---|---|---|
| | ഒരു ആനത്താര ഉണ്ടാകണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | | |
| (ഡി) | പ്രസ്തുത ആനത്താര ജനവാസകേന്ദ്രങ്ങളിലൂടെ കടന്ന് പോവുന്നുണ്ടോ; ഇത് കടന്ന് പോവുന്ന മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശമുണ്ടോ; | (ഡി) | വന്യജീവികൾക്ക് സ്വൈര്യ വിഹാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന ഒരു ആനത്താര നിലവിലില്ല. |
| (ഇ) | ഇതിനായി വിദേശ ഫണ്ടിംഗ് ഏജൻസികളുടെ ധനസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | (ഇ) | വന്യജീവികൾക്ക് സ്വൈര്യ വിഹാരം നടത്തുന്നതിനായി ചിന്നാർ വന്യജീവി കേന്ദ്രവും പെരിയാർ കടുവാ സങ്കേതവും ബന്ധിപ്പിക്കുന്ന ഒരു ആനത്താര നിലവിലില്ല. |

സെക്ഷൻ ഓഫീസർ